(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ജലസേചന വകുപ്പും ജലവിതരണ വകുപ്പും തമ്മിലുള്ള ധാരണ പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യത്തിനായി ഫ്രഞ്ച് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്ക് 1996 ഷെഡ്യൂൾ പ്രകാരം 243 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, പ്രോജക്ട് റിപ്പോർട്ടും പരിഗണനയിലാണ്. ഫ്രഞ്ച് സാമ്പത്തിക സഹായം കിട്ടുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ഇരു വകുപ്പുകളുടേയും പദ്ധതിവിഹിതം സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയിട്ടില്ല.

(ഡി) എത്രയും വേഗം പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കുന്നതാണ്.

20 (1830) കല്ലറ പാങ്ങോട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലറ-പാങ്ങോട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ വേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ പദ്ധതിക്കാവശ്യമായ ഭൂതലജലസംഭരണിയുടെ പണികൾ നടന്നു വരുന്നു. ജലശുദ്ധീകരണശാലയുടേയും ഇൻടേൽവെല്ലിന്റേയും ദർഘാസുകൾ ക്ഷണിച്ചു. പദ്ധതിക്കാവശ്യമായ 20724 മീറ്റർ വിവിധ ഇനം പൈപ്പുകൾ വാങ്ങി. ബാക്കി പൈപ്പുകൾ 2000-2001 വർഷത്തിൽ വാങ്ങിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

21 (1831) പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീമിന്റെ കൺസൾട്ടിംഗ് ഏജൻസിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly